പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1328 03.12.2018 ൽ മറുപടിയ്ക്ക്

**മലയാളം പള്ളിക്കൂടം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി എം. ജോൺ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പ്രൊഫ. വി. മധുസൂദനൻ നായർ അദ്ധ്യക്ഷനായ മലയാളം പള്ളിക്കൂടത്തിൽ ഏതൊക്കെ ക്ലാസ്സുകളാണ് ആരംഭിച്ചിട്ടുള്ളത്;<br>(ബി) നിലവിൽ ഓരോ ക്ലാസ്സിലും എത്ര വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്; | (എ) & (ബി) | അക്ഷരക്കളരി (5 മുതൽ 6 വയസ്സ് വരെ), ഭാഷാപഠനക്കളരി-1 (7 മുതൽ 9 വയസ്സ് വരെ), ഭാഷാപഠനക്കളരി-2(10 മുതൽ15 വയസ്സ് വരെ), സാഹിത്യക്കളരി എന്നിങ്ങനെ മൂന്ന് ക്ലാസ്സുകളാണ് ഉള്ളത്. ഓരോ ക്ലാസ്സിലും 45 നും 55 നും ഇടയിൽ കുട്ടികൾ പഠിക്കുന്നുണ്ട്. തൈക്കാട് ഗവ.മോഡൽ എച്ച്.എസ്.എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന പള്ളിക്കൂടത്തിലും, ടെക്നോപാർക്ക് ബ്രാഞ്ചിലുമായി ആകെ 280 കുട്ടികൾ പഠിക്കുന്നുണ്ട്. |
| (സി) മലയാള ഭാഷയോട് താല്പര്യം ജനിപ്പിക്കുന്നതിന് ആരംഭിച്ച പ്രസ്തുത ക്ലാസ്സുകളോടുള്ള ജനങ്ങളുടെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | അനുഭവത്തിലൂടെ ഭാഷയെയും സാഹിത്യത്തേയും കേരളീയ സംസ്കാരത്തെയും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലുള്ള പാഠ്യപദ്ധതി പിന്തുടർന്നു വരുന്ന മലയാളം പള്ളിക്കൂടം വളരെ പെട്ടെന്ന് തന്നെ ജനശ്രദ്ധ നേടുകയുണ്ടായി. ഓരോ വർഷത്തിലും കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിൽ നിന്നും മലയാളം പള്ളിക്കൂടത്തിന് ജനപ്രീതി വർദ്ധിക്കുന്നതിന്റെ തെളിവായി കരുതുന്നു. |

സെക്ഷൻ ഓഫീസർ